ആഗോള മന്തുരോഗ നിർമ്മാർജ്ജന പ്രവർത്തനങ്ങളുടെ ഭാഗമായി 1997 മുതൽ കേരളത്തിലും മന്തുരോഗനിർമ്മാർജ്ജന പരിപാടികൾ നടപ്പിലാക്കിവരുന്നു. തുടക്കത്തിൽ ആലപ്പുഴ, കോഴിക്കോട് എന്നീ ജില്ലകളിൽ നടപ്പിലാക്കിയ പദ്ധതി 2000-ാമാണ്ട് മുതൽ കണ്ണൂർ ജില്ലയിലും നടത്തിവരുന്നു. 2004 മുതൽ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ മലപ്പുറം, പാലക്കാട്, കോഴിക്കോട്, കണ്ണൂർ, കാസർകോട് (വയനാട്, പത്തനംതിട്ട, ഇടുക്കി ഒഴികെ) ഈ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിച്ചിരുന്നു. യഥാസമയം ആവശ്യമായ ഗുളിക ലഭ്യമാകാത്തതിനാൽ ഈ പരിപാടി തൽക്കാലം മാറ്റിവച്ചിരിക്കുകയാണ്. ഈ പരിപാടിയനുസരിച്ച് എല്ലാവർഷവും (5-ാം വർഷംവരെ) ഒരു പ്രത്യേക ദിവസം തെരഞ്ഞെടുക്കപ്പെട്ട ജില്ലകളിൽ ഉള്ള എല്ലാ ആളുകൾക്കും ഒരു ഡോസ് ഡി.ഇ.സി. ഗുളിക നൽകുന്നു. ഇതുവഴി രോഗസംക്രമണം തടയപ്പെടുകയും മന്തുരോഗ വ്യാപനം ഇല്ലാതാവുകയും ചെയ്യുന്നു.

ശ്രീ. കെ. ജെ. ജോസഫിന്റെ അനന്തര അവകാശികൾക്ക് ജോലി ലഭിക്കുന്നതിന് നടപടി

168 [2661] ശ്രീ. ഇ.എം. ആഗസ്തി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിൽ ഇരട്ടയാർ ആയുർവേദ ആശുപത്രിയിൽ അറ്റൻഡർ ആയിരുന്ന ശ്രീ. കെ.ജെ. ജോസഫിന്റെ അനന്തര അവകാശികൾക്ക് ജോലി ലഭിക്കുന്നതിന് അപേക്ഷിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ആയതിന്മേൽ എന്തെല്ലാം തുടർ നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) ജോലി നൽകി ഉത്തരവായിട്ടുണ്ടെങ്കിൽ ഉത്തരവിന്റെ കോപ്പി ലഭ്യമാക്കാമോ;

(ഡി) നാളിതുവരെ ഉത്തരവായില്ലെങ്കിൽ എന്തുകൊണ്ടാണ് എന്ന് വെളിപ്പെടുത്തുമോ;

(ഇ) ഇത് എന്നത്തേക്ക് ഉത്തരവാകുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 31-5-2004-ലെ ഭാരതീയ ചികിൽസാ വകുപ്പ് ഡയറക്ടറുടെ കത്തുപ്രകാരം ലഭിച്ച ന്യൂനതകൾ പരിഹരിച്ച അപേക്ഷ ഇടുക്കി ജില്ലാകളക്ടർക്ക് അന്വേഷണത്തിനും റിപ്പോർട്ടിനുമായി 18-6-2004-ൽ അയച്ചിരിക്കുകയാണ്.

(സി—ഇ) ജില്ലാകളക്ടറിൽനിന്നും റിപ്പോർട്ട് ലഭിച്ചതിനുശേഷമേ അനന്തരനടപടി സ്വീകരിക്കുവാൻ സാധിക്കുകയുള്ളു.

LIBRARY ARCHIVES Kerala Legislative Assembly